ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1175

# സൂറ-41 / ഹാമീം അസ്സജദ - ഫുസ്സിലത്

## സൂക്തം: 52-54

ഇസ്‌ലാം പ്രചരിച്ച സമൂഹങ്ങളിൽ അന്നെന്ന പോലെ ഇന്നും അതു നിലനിൽക്കുകയും വളരുകയും ചെയ്യുന്നു. സൈനിക ബലത്തെയോ രാഷ്ട്രീയാധികാരത്തെയോ ആശ്രയിച്ചല്ല അതിന്റെ നിലനിൽപ്പ്; പ്രത്യുത അതിന്റെ ധാർമിക-നൈതിക-ആധ്യാത്മിക മൂല്യങ്ങളുടെ ശക്തികൊണ്ടും സാംസ്കാരികമായ ഔന്നത്യം കൊണ്ടുമാണ്. ഇതാണ് ദിഗന്തങ്ങളിലും അറബികളിലും അല്ലാഹു കാണിച്ചു തരുന്ന, അവന്റെ സൂക്തങ്ങൾ യാഥാർഥ്യമാണെന്നതിന്റെ ദൃഷ്ടാന്തങ്ങൾ.

قُلْ أَرَءَيْتُمْ إِن كَانَ مِنْ عِندِ ٱللَّهِ ثُمَّ كَفَرْتُم بِهِۦ مَنْ أَضَلُّ مِمَّنْ هُوَ فِى شِقَاقٍۭ بَعِيدٍ ﴿٥٢﴾

52. പ്രവാചകൻ അവരോടു ചോദിച്ചു നോക്കുക: ഈ ഖുർആൻ യഥാർഥത്തിൽ അല്ലാഹുവിങ്കൽ നിന്നവതരിച്ചതും എന്നിട്ട് നിങ്ങളതിനെ നിഷേധിച്ചതുമാണെങ്കിൽ അതെത്ര മാത്രം ഗുരുതരമായ അബദ്ധമായിരിക്കുമെന്ന് ചിന്തിച്ചിട്ടുണ്ടോ? അതാണ് വാസ്തവമെങ്കിൽ ഇതിനോടുള്ള വിരോധത്തിൽ ബഹുദൂരം പൊയ്ക്കഴിഞ്ഞവനെക്കാൾ പിഴച്ചവൻ ആരാണുണ്ടാവുക?

**52**

قُلْ = നീ പറയുക (പ്രവാചകൻ അവരോടു ചോദിച്ചു നോക്കുക) أَرَأَيْتُمْ = നിങ്ങൾ കണ്ടുവോ?(ചിന്തിച്ചിട്ടുണ്ടോ?)
إِنْ كَانَ مِنْ عِندِ اللَّهِ = ഇത് (ഈ ഖുർആൻ യഥാർഥത്തിൽ) അല്ലാഹുവിങ്കൽ നിന്നുള്ളതാണെങ്കിൽ (നിന്നവതരിച്ചതും)
ثُمَّ كَفَرْتُم بِهِ = എന്നിട്ട് നിങ്ങളതിനെ നിഷേധിച്ചതുമാണെങ്കിൽ (അത് എത്രമാത്രം ഗുരുതരമായ അബദ്ധമായിരിക്കുമെന്ന്)
مَنْ أَضَلُّ = (അതാണ് വാസ്തവമെങ്കിൽ) ഏറ്റം പിഴച്ചവൻ ആരാണ്? (ഉണ്ടാവുക) مِمَّنْ = യാതൊരുത്തനെക്കാൾ
هُوَ فِي شِقَاقٍ بَعِيدٍ = അവൻ വിദൂരമായ വിരോധത്തിലാകുന്ന (ഇതിനോടുള്ള വിരോധത്തിൽ ബഹുദൂരം പൊയ്ക്കഴിഞ്ഞവനെക്കാൾ)

നേരത്തെ 41-ാം സൂക്തത്തിൽ പരാമർശിക്കപ്പെട്ട, ഉദ്ബോധനം ലഭിച്ചപ്പോൾ അത് നിഷേധിച്ചു തള്ളിയവർ الَّذِينَ كَفَرُوا بِالذِّكْرِ لَمَّا جَاءَهُمْ-ക്കു മുമ്പിൽ സുവ്യക്തവും ലളിതവുമായ ഒരു ന്യായം ഉന്നയിച്ചു കൊണ്ട് അവരുടെ നിലപാടിന്റെ ആപത്തിനെയും അർഥ ശൂന്യതയെയും കുറിച്ചു ചിന്തിക്കാൻ ഉപദേശിക്കുന്നതിന് പ്രവാചകനോട് നിർദേശിക്കുകയാണിവിടെ. ന്യായം ഇതാണ്: നിങ്ങൾ വാദിക്കുന്നതുപോലെ ഈ ഖുർആൻ ദൈവത്തിങ്കൽ നിന്നുള്ള

ഫലത്തെക്കുറിച്ചാലോചിച്ചു നോക്കുക: അതവതരിപ്പിക്കുന്ന തത്ത്വങ്ങളും ധർമശാസനകളും സത്യത്തിന്റെതും നീതിയുടേതുമാണ്. ഉയിർത്തെഴുന്നേൽപും രക്ഷാശിക്ഷകളും അനിവാര്യമാകുന്നു. അതിനെ നിഷേധിച്ചവർ മരണാനന്തരം നിത്യ നരകത്തിൽ പതിക്കുകയും അംഗീകരിച്ചനുസരിച്ചവർ നിത്യസ്വർഗം പൂകുകയും ചെയ്യും. ഈ രണ്ടു സാധ്യതകൾ നിലനിൽക്കുമ്പോൾ ബുദ്ധിയും വിവേകവുമുള്ളവർ മുൻഗണന നൽകേണ്ടതും അനുസരിക്കേണ്ടതും രണ്ടാമത് പറഞ്ഞ സാധ്യതയെയാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇക്കാര്യം അശേഷം പരിഗണിക്കാതെ നിങ്ങൾ ഈ സന്ദേശം പുഛിച്ചു തള്ളുകയാണെങ്കിൽ മൂഢമായ ധിക്കാരം മൂലം, നിങ്ങളെക്കാൾ സത്യത്തിൽനിന്ന് വ്യതിചലിച്ചു ദുർമാർഗത്തിൽ ബഹുദൂരം അകന്നുപോയവരാരാണുണ്ടാവുക?! പിളർപ്പും വിഘടനവും ആജ്ഞാലംഘനവുമാണ് شِقَاق. വിദൂരമായതും ദൈർഘ്യമേറിയതും بَعِيد. ദൈവിക സൂക്തങ്ങൾ തള്ളിക്കളയുന്നതിലൂടെ അല്ലാഹുവിനോട് പ്രകടിപ്പിക്കുന്ന കൊടിയ ധിക്കാരമാണ് ഇവിടെ شِقَاقٍ بَعِيدٍ. ചോദ്യസൂചകമാണ് أَضَلُّ-ന് മുമ്പുള്ള مَن. സംബന്ധികാ പ്രത്യയം (مَوْصُولَة) ആണ് مِمَّنْ-ലെ مَنْ. ●

സത്യസന്ദേശമല്ലെങ്കിൽ തന്നെ അതു സ്വീകരിക്കുന്നതു കൊണ്ട് ഭൗതികമോ ആത്മീയമോ ആയ ഒരു ദോഷവും സംഭവിക്കാനില്ല. അതു നിങ്ങളുടെ സമ്പത്തോ അഭിമാനമോ മനുഷ്യാവകാശങ്ങളോ പരലോകമോ ഒന്നും ഹനിക്കുന്നില്ലല്ലോ. ഏറി വന്നാൽ കാര്യമില്ലാത്ത ഒരാശയം അംഗീകരിച്ചു എന്നേ വരൂ. മറിച്ചൊന്നു ചിന്തിച്ചു നോക്കുക: ഈ സന്ദേശം യഥാർഥത്തിൽ അല്ലാഹുവിങ്കൽനിന്നുള്ളതു തന്നെയാണ്. ഇതിലുള്ളതൊക്കെയും സന്മാർഗ ദർശകമായ വിശ്വാസ സത്യങ്ങളും ധർമശാസനകളും നീതിസാരങ്ങളുമാണ്.

ഇതു രണ്ടും തുല്യമായ സാധ്യതകളാണ്. ഈ ഖുർആൻ ദൈവത്തിങ്കൽനിന്നുള്ളതാണെന്നതിനും അതിന്റെ സന്ദേശങ്ങൾ സത്യമാണെന്നതിനും ഖണ്ഡിതമായ തെളിവൊന്നുമില്ല എന്നു വാദിച്ചാണല്ലോ നിങ്ങളതിനെ നിഷേധിക്കുന്നത്. നിങ്ങൾക്ക് ബോധ്യപ്പെടുന്ന തെളിവില്ല എന്നത് ഒരു കാര്യം സത്യമല്ലെന്നു നിഷേധിക്കാനുള്ള ന്യായമാകുന്നില്ല. സ്വീകരിക്കാതിരിക്കാനുള്ള ന്യായമേ ആകുന്നുള്ളൂ. ഖണ്ഡിതമായ തെളിവിന്റെ അഭാവം സ്വീകരണത്തെ അനിവാര്യമാക്കാത്തതുപോലെ തിരസ്കരണത്തെയും അനിവാര്യമാക്കുന്നില്ല. ഈ പ്രവാചകനും വേദവും സത്യമാകാനുള്ള സാധ്യതയാണ് യഥാർഥമെങ്കിൽ അതിന്റെ

---

سَنُرِيهِمْ ءَايَٰتِنَا فِى ٱلْءَافَاقِ وَفِىٓ أَنفُسِهِمْ حَتَّىٰ يَتَبَيَّنَ لَهُمْ أَنَّهُ ٱلْحَقُّ ۗ أَوَلَمْ يَكْفِ بِرَبِّكَ أَنَّهُۥ عَلَىٰ كُلِّ شَىْءٍ شَهِيدٌ ﴿٥٣﴾

53. ദിഗന്തങ്ങളിലും അവരിൽ തന്നെയും അടുത്ത ഭാവിയിൽ നമ്മുടെ ദൃഷ്ടാന്തങ്ങൾ അവർക്ക് കാണിച്ചു കൊടുക്കുന്നുണ്ട്; ഇതു സത്യം തന്നെയാണെന്ന് അവർക്ക് ബോധ്യമാകാൻ. നിന്റെ നാഥൻ സകല സംഗതിക്കും സാക്ഷിയാകുന്നു എന്നതുതന്നെ മതിയാകുന്നില്ലയോ?

**53**

سَنُرِيهِمْ = അടുത്ത ഭാവിയിൽ നാം അവർക്ക് കാണിച്ചു കൊടുക്കുന്നുണ്ട് آيَاتِنَا = നമ്മുടെ ദൃഷ്ടാന്തങ്ങൾ

فِي الْآفَاقِ = ചക്രവാളങ്ങളിൽ, ദിഗന്തങ്ങളിൽ وَفِي أَنْفُسِهِمْ = അവരിൽ തന്നെയും

حَتَّىٰ يَتَبَيَّنَ لَهُمْ = അവർക്ക് വെളിവാകുംവരെ (ബോധ്യമാകാൻ)

أَنَّهُ الْحَقُّ = എന്തെന്നാൽ അതു സത്യം തന്നെയാണെന്ന്

أَوَلَمْ يَكْفِ بِرَبِّكَ = നിന്റെ നാഥൻ മതിയാകുന്നില്ലയോ? أَنَّهُ = എന്തെന്നാൽ അവൻ

عَلَىٰ كُلِّ شَيْءٍ شَهِيدٌ = സകല സംഗതിക്കും സാക്ഷിയാകുന്നു (എന്നതുതന്നെ)

ഈ സൂക്തത്തിന് പല അർഥമാനങ്ങളുമുണ്ട്. ആ മാനങ്ങളിലെല്ലാം ഇതു വ്യാഖ്യാനിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇവിടെ آيَاتِنَا എന്ന പദത്തിന്റെ വിവക്ഷയിൽ അല്ലാഹുവിനെയും അവന്റെ മഹിത ഗുണങ്ങളെയും സാക്ഷ്യപ്പെടുത്തുന്ന പ്രാപഞ്ചിക പ്രതിഭാസങ്ങളും അല്ലാഹു അവതരിപ്പിച്ച വേദസൂക്തങ്ങളും ഉൾപ്പെടുന്നു. أُفُق-ന്റെ ബഹുവചനമാണ് آفَاق. വിദൂരദിക്കും ചക്രവാളവും أُفُق ആണ്. فِي أَنْفُسِهِمْ എന്ന വാക്കിന് അവരുടെ സമൂഹത്തിൽ തന്നെയും എന്നും, അവരുടെ ശരീരത്തിലും ജീവിതത്തിലും എന്നും അർഥമാവാം.

സൂക്തത്തിന്റെ ഒരു വ്യാഖ്യാനം ഇങ്ങനെ: ഇസ്‌ലാമിനെ പരാജയപ്പെടുത്താൻ കച്ചകെട്ടിയിറങ്ങുകയും പ്രവാചകനെയും ഖുർആനിനെയും അസന്ദിഗ്ധമായി നിഷേധിച്ചു തള്ളുകയും ചെയ്തിരുന്ന ഖുറൈശികളോട് അല്ലാഹു പറയുകയാണ്: ഈ ഖുർആൻ സൂക്തങ്ങളും അതുൾക്കൊള്ളുന്ന ആദർശങ്ങളും ലോകമെങ്ങും പരക്കുന്നതും സ്വീകരിക്കപ്പെടുന്നതും വിദൂരമല്ലാത്ത ഭാവിയിൽ നാം നിങ്ങൾക്കു കാണിച്ചു തരുന്നുണ്ട്. വിദൂര ദിക്കുകളിലുള്ള സമുദായങ്ങൾ അതിന്റെ വിശ്വാസികളും വക്താക്കളുമാകും. അന്നു നിങ്ങളെയും ഈ ഖുർആൻ സ്വാധീനിക്കുകയും നിങ്ങൾ അതിന്റെ വക്താക്കളും പ്രചാരകരുമാവുകയും ചെയ്യും. അങ്ങനെ ഖുർആനും അതു പ്രബോധനം ചെയ്യുന്ന ധർമവ്യവസ്ഥയും അല്ലാഹുവിങ്കൽ നിന്നവതീർണമായ സത്യം തന്നെയാണെന്ന് എല്ലാവർക്കും ബോധ്യമാകും. സൂക്തം അവതരിക്കുന്ന കാലത്ത് ആർക്കും

ഇമാം ഖുർത്വുബിയുടെ വീക്ഷണത്തിൽ الْآفَاقِ ഇസ്‌ലാമിന്റെ വിജയങ്ങളും മിഥ്യാദർശനങ്ങളിൽ നിന്നുള്ള ജനങ്ങളുടെ വിമോചനവുമാണ്. وَفِي أَنفُسِهِمْ കൊണ്ടുദ്ദേശ്യം മക്കാവിമോചനവുമാണ്. ത്വബരി ഈ വ്യാഖ്യാനത്തെ പിന്തുണച്ചിരിക്കുന്നു. ഖതാദയും ദഹ്ഹാക്കും الْآفَاقِ-നെ കാണുന്നത്, വിവിധ സമുദായങ്ങളിൽ അല്ലാഹു ഉളവാക്കുന്ന മഹാസംഭവങ്ങൾ -وقائع الله في الأمم- ആയിട്ടാണ്. അത്വാഇന്റെയും ഇബ്നു സൈദിന്റെയും വീക്ഷണത്തിൽ വാനലോകവും ഭൂമിയും ഉൾപ്പെടെയുള്ള പ്രപഞ്ച സാകല്യമാണ് الْآفَاقِ. മനുഷ്യ സൃഷ്ടിയിലെ അതുല്യതയും യുക്തിജ്ഞതയും സൗന്ദര്യവുമാണ് وَفِي أَنفُسِهِمْ സൂചിപ്പിക്കുന്നത്. ഈ അർഥത്തിൽ ഊന്നിക്കൊണ്ടുള്ള സൂക്ത വ്യാഖ്യാനം ഇപ്രകാരമാണ്: പ്രപഞ്ച സാകല്യത്തിന്റെയും അതിലെ ഓരോ വസ്തുവിന്റെയും സൃഷ്ടിയിലും പ്രവർത്തന ക്രമത്തിലും കാണപ്പെടുന്ന യുക്തിബോധവും ആസൂത്രണ പാടവവും ലക്ഷ്യോന്മുഖതയും ഈ ഖുർആൻ പ്രസ്താവിക്കുന്ന, അല്ലാഹുവിന്റെ ഏകത്വത്തെയും സർവശക്തിയെയും സർവജ്ഞതയെയും നീതിനിഷ്ഠയെയും പരലോകത്തെയും ഉയിർത്തെഴുന്നേൽപിനെയുമെല്ലാം സത്യപ്പെടുത്തുന്ന ദൃഷ്ടാന്തങ്ങളാകുന്നു. നിങ്ങളുടെ ശരീര പ്രകൃതിയിലും അവയവ ഘടനയിലും മാനസിക പ്രവർത്തനത്തിലുമുണ്ട് അത്തരം ധാരാളം ദൃഷ്ടാന്തങ്ങൾ. അതൊന്നും ഇപ്പോൾ ജനം കാണുന്നില്ലെങ്കിൽ, കണ്ടിട്ടും അംഗീകരിക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ നാളെ ശാസ്ത്രത്തിന്റെയും തത്ത്വശാസ്ത്രത്തിന്റെയും സത്യസന്ധമായ പഠനത്തിലൂടെയും വികാസത്തിലൂടെയും ഓരോന്നോരോന്നായി, അവർക്കു മുമ്പിൽ നിഷേധിക്കാനാവാത്തവണ്ണം തെളിഞ്ഞു വന്നുകൊണ്ടിരിക്കും. സുസ്ഥാപിതമായ ശാസ്ത്രസത്യങ്ങളൊന്നും അതു സംബന്ധിച്ച ഖുർആൻ സൂക്തങ്ങളെ ഖണ്ഡിക്കുന്നില്ല, എന്നല്ല പലതും ഖുർആനിനെ സാധൂകരിക്കുകയും കൂടുതൽ വെളിപ്പെടുത്തുകയും ചെയ്യുന്നതാണ്. ഉദാഹരണമായി, ഖുർആൻ വിശദമായി പ്രതിപാദിക്കുന്ന, മനുഷ്യന്റെ പ്രജനന പ്രക്രിയയെ ആധുനിക ശാസ്ത്രവും അതേവിധം തന്നെയാണ് വിശദീകരിക്കുന്നത്. ഐസക് ന്യൂട്ടൻ കണ്ടെത്തിയ ഗുരുത്വാകർഷണ ശക്തിയെക്കുറിച്ചും ഗോളങ്ങളുടെ വ്യവസ്ഥാപിതമായ ഭ്രമണത്തെക്കുറിച്ചും ജീവോൽപത്തിയെക്കുറിച്ചുമെല്ലാം ഖുർആനിൽ വ്യക്തമായ സൂചനകളുണ്ട്. അവ നിഷ്പക്ഷമായി വിലയിരുത്തിയിട്ടുള്ള സത്യസന്ധരായ ശാസ്ത്രജ്ഞന്മാർ അക്കാര്യം സമ്മതിച്ചിട്ടുമുണ്ട്.

പ്രവാചകനെയും ഖുർആനിനെയും പരാജയപ്പെടുത്താൻ അവിശ്വാസികൾ നടത്തിക്കൊണ്ടിരിക്കുന്ന പരസ്യ പ്രവർത്തനങ്ങൾക്കും രഹസ്യ ഗൂഢാലോചനകൾക്കുമെല്ലാം അല്ലാഹു സാക്ഷിയാണ്. പ്രവാചകനും ഖുർആനും സത്യമാണെന്നും അവൻ സാക്ഷ്യപ്പെടുത്തുന്നു. അവൻ തന്നെയാണ് ഈ ദീൻ ലോകം മുഴുവൻ പ്രചരിക്കുമെന്നും സാക്ഷ്യം വഹിക്കുന്നത്. സ്ഥൂലവും സൂക്ഷ്മവുമായ എല്ലാ കാര്യങ്ങൾക്കും സാക്ഷിയായ അല്ലാഹുവിന്റെ പിന്തുണ തന്നെ പ്രവാചകന്നും വിശ്വാസികൾക്കും ശുഭപ്രതീക്ഷയും ആത്മവിശ്വാസവും പകരാൻ തികച്ചും മതിയായതല്ലയോ എന്നാണ് أَوَلَمْ .... شَهِيدٌ ന്റെ താൽപര്യം. أَوَلَمْ يَكْفِ യുടെ ചോദ്യരൂപം അക്കാര്യത്തിൽ സംശയിക്കുന്നില്ലേ എന്ന അർഥത്തിലല്ല. അക്കാര്യം ആർക്കും നിഷേധിക്കാനാവില്ലല്ലോ എന്ന അർഥത്തിലാണ്.

പ്രവാചകന്റെയും ഖുർആനിന്റെയും യാഥാർഥ്യം അപ്രതീക്ഷിക്കാനാവാത്ത പരിണതിയാണത്. പക്ഷേ, പ്രവാചകന്റെ മദീനാ ജീവിത കാലത്തും തുടർന്ന് ഖുലഫാഉർറാശിദയുടെ കാലത്തുമായി ഈ പ്രവചനം അക്ഷരം പ്രതി പുലരുന്നത് ലോകം നേരിൽ കാണുക തന്നെ ചെയ്തു. ഖുർആനിന്റെ അമാനുഷികതയെ -إعجاز- സാക്ഷ്യപ്പെടുത്തുന്ന ദൃഷ്ടാന്തമായി ഈ സൂക്തം ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. ചില അവിശ്വാസികൾ, ഇസ്‌ലാമിന്റെ വിജയ പ്രവചനം ഖുർആനിന്റെ സത്യതക്ക് തെളിവായി പരിഗണിക്കാൻ പറ്റില്ലെന്ന് വാദിക്കുന്നുണ്ട്. വാളുകൊണ്ടാണ് ഇസ്‌ലാം വ്യാപിച്ചതെന്നാണവർ പറയുന്നത്. ഇസ്‌ലാമിന്റെ ശത്രുക്കളെ പ്രതിരോധിക്കാൻ മുസ്‌ലിംകൾക്ക് സൈനിക നടപടി ആവശ്യമായി വന്നിട്ടുണ്ട്. അതിന്റെ ഫലമായി പല ശത്രു രാജ്യങ്ങളും ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഭാഗമായിത്തീർന്നിട്ടുമുണ്ട്. എന്നാൽ, ദീനുൽ ഇസ്‌ലാം പ്രചരിച്ചത് അതുകൊണ്ടല്ല. പ്രത്യുത, ഇസ്‌ലാമിക പ്രബോധകരുടെ പ്രബോധന പ്രവർത്തനംകൊണ്ടും, അവർ കാഴ്ചവെച്ച സത്യ-ധർമ-നീതികൾ വിളങ്ങുന്ന വിശുദ്ധവും മാതൃകാപരവുമായ ജീവിതംകൊണ്ടുമാണ് ജനസമൂഹങ്ങൾ ഇസ്‌ലാമിൽ ആകൃഷ്ടരായത്. ഈ മൂല്യങ്ങളെല്ലാം അവർക്ക് ലഭിച്ചത് വിശുദ്ധ ഖുർആനിൽനിന്നാണ്! യോദ്ധാക്കളായിട്ടല്ലാതെ, കേവലം പ്രബോധകരായും കച്ചവടക്കാരായും ദേശാടകരായും ദൂരദിക്കുകളിലെത്തിയ മുസ്‌ലിംകളിലൂടെയും ഇസ്‌ലാം ഏറെ പ്രചരിച്ചിട്ടുണ്ട്. ഇന്തോനേഷ്യ, മലേഷ്യ തുടങ്ങിയ രാജ്യങ്ങൾ ഉദാഹരണം. അവരെയൊക്കെ ഇസ്‌ലാമിലേക്കാകർഷിച്ചത് ഇസ്‌ലാമികാധ്യാപനങ്ങളുടെ നൈതികതയും ധാർമികതയും മുസ്‌ലിംകളുടെ സംസ്കാര സമ്പന്നമായ ജീവിതവുമാണ്.

വാളുകൊണ്ട് ആളുകളെ കീഴടക്കാനാകും. പക്ഷേ, അവരുടെ മനസ്സ് കീഴടക്കാനാവില്ല. വാളുകൊണ്ട് സ്ഥാപിക്കുന്നത് മതമായാലും മതേതര ദർശനമായാലും ഏറെക്കാലം നിലനിൽക്കുകയില്ല. ജേതാക്കളുടെ കൈക്കരുത്ത് ക്ഷയിക്കുമ്പോൾ ജനങ്ങൾ അവരുടെ ആശയങ്ങളിൽനിന്നും സംസ്കാരത്തിൽനിന്നും സ്വാതന്ത്ര്യം നേടും. അല്ലെങ്കിൽ യാഥാർഥ്യം ചോർന്നു പോയ പുറംതോടുകളായി മാത്രം അവ നിലനിൽക്കും. പൂർവിക ചരിത്രത്തിലും ആധുനിക ചരിത്രത്തിലും ഈ രണ്ടു പ്രതിഭാസങ്ങൾക്കും ഉദാഹരണങ്ങൾ കാണാം. ഒന്നാമത്തേതിന് ഉദാഹരണമാണ് ഇന്ന് ഒരു പഴങ്കഥയായി മാറിയ റഷ്യൻ കമ്യൂണിസം. കമ്യൂണിസ്റ്റ് സർവാധിപത്യത്തിന്റെ ചട്ടക്കൂട്ടിൽനിന്ന് വർഗസമരവും സ്ഥിതിസമത്വവും ചോർത്തിക്കളഞ്ഞ് പകരം മുതലാളിത്തത്തിന്റെ ഉള്ളടക്കം നിറച്ച് മുന്നേറുന്ന ചൈന രണ്ടാമത്തേതിനും ഉദാഹരണമാകുന്നു. കമ്യൂണിസത്തിന്റെ ഒന്നാമത്തെ അഖീദ-വിശ്വാസ പ്രമാണം- ആയ വൈരുധ്യാധിഷ്ഠിത വാദം പൊള്ളയാണെന്ന് കേരളത്തിലെ കമ്യൂണിസ്റ്റുകൾ വരെ പറഞ്ഞു തുടങ്ങിയിരിക്കുന്നു. എന്നാൽ, ഇസ്‌ലാം പ്രചരിച്ച സമൂഹങ്ങളിൽ അന്നെന്ന പോലെ ഇന്നും അതു നിലനിൽക്കുകയും വളരുകയും ചെയ്യുന്നു. സൈനിക ബലത്തെയോ രാഷ്ട്രീയാധികാരത്തെയോ ആശ്രയിച്ചല്ല അതിന്റെ നിലനിൽപ്പ്; പ്രത്യുത അതിന്റെ ധാർമിക-നൈതിക-ആധ്യാത്മിക മൂല്യങ്ങളുടെ ശക്തികൊണ്ടും സാംസ്കാരികമായ ഔന്നത്യം കൊണ്ടുമാണ്. ഇതാണ് ദിഗന്തങ്ങളിലും അറബികളിലും അല്ലാഹു കാണിച്ചു തരുന്ന, അവന്റെ സൂക്തങ്ങൾ യാഥാർഥ്യമാണെന്നതിന്റെ ദൃഷ്ടാന്തങ്ങൾ.

ല്ലാഹു സാക്ഷ്യപ്പെടുത്തുന്നതായി നേരത്തെ പല സ്ഥലങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്: وَأَرْسَلْنَاكَ لِلنَّاسِ رَسُولًا ۚ وَكَفَىٰ بِاللَّهِ شَهِيدًا (സകല ജനത്തിനുമായി നാം നിന്നെ നമ്മുടെ ദൂതനായി അയച്ചിരിക്കുന്നു. അതിന് അല്ലാഹുതന്നെ മതിയായ സാക്ഷിയാകുന്നു -4:79).

لَّٰكِنِ اللَّهُ يَشْهَدُ بِمَا أَنزَلَ إِلَيْكَ ۖ أَنزَلَهُ بِعِلْمِهِ ۖ وَالْمَلَائِكَةُ يَشْهَدُونَ ۚ وَكَفَىٰ بِاللَّهِ شَهِيدًا ﴿١٦٦﴾

(എന്നാൽ അല്ലാഹു നിനക്കിറക്കിയിട്ടുള്ളത് അവന്റെ ജ്ഞാനത്തിൽനിന്നുള്ളതാണെന്ന് മലക്കുകളൊക്കെയും സാക്ഷ്യപ്പെടുത്തുന്നു; അല്ലാഹുവിന്റെ സാക്ഷ്യം തന്നെ തികച്ചും മതിയായതാണെങ്കിലും -4:166)

قُلْ كَفَىٰ بِاللَّهِ شَهِيدًا بَيْنِي وَبَيْنَكُمْ (പ്രവാചകൻ പറയുക: എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായി അല്ലാഹു തന്നെ മതി -13:43, 29:52). ●

---

أَلَآ إِنَّهُمْ فِي مِرْيَةٍ مِّن لِّقَآءِ رَبِّهِمْ ۗ أَلَآ إِنَّهُۥ بِكُلِّ شَيْءٍ مُّحِيطٌۢ ﴿٥٤﴾

54. അറിയുവിൻ, ഇക്കൂട്ടർ അവരുടെ വിധാതാവിനെ കണ്ടുമുട്ടുമെന്നതിൽ സന്ദേഹത്തിലാകുന്നു. എന്നാൽ ഓർത്തു കൊള്ളുവിൻ, സകല സംഗതിയും സൂക്ഷ്മമായും സമ്പൂർണമായും അറിയുന്നവനാണവൻ.

**54**

أَلَا = അറിയുവിൻ إِنَّهُمْ فِي مِرْيَةٍ = അവർ(ഇക്കൂട്ടർ) തീർച്ചയായും സന്ദേഹത്തിലാകുന്നു

مِّن لِّقَاءِ رَبِّهِمْ = (വിധാതാവിനെ കണ്ടുമുട്ടുമെന്നതിൽ) അവരുടെ വിധാതാവിനെ കണ്ടുമുട്ടലിൽ

أَلَا = ഓർത്തുകൊള്ളുവിൻ (എന്നാൽ) إِنَّهُ = തീർച്ചയായും അവൻ

بِكُلِّ شَيْءٍ مُّحِيطٌ = (സൂക്ഷ്മമായും സമ്പൂർണമായും അറിയുന്നവനാണ്) സകല സംഗതിയും വലയം ചെയ്തവനാകുന്നു

സത്യനിഷേധത്തിന്റെയും ദൈവിക ദീനിനോടുള്ള ശത്രുതയുടെയും അടിസ്ഥാനപരമായ കാരണമെന്താണെന്ന് ഉണർത്തിക്കൊണ്ട് സൂറ ഉപസംഹരിക്കുകയാണ്. ഈയാളുകൾക്ക് പരലോക വിശ്വാസമില്ല എന്നതാണ് അവരുടെ സത്യനിഷേധത്തിന്റെ യഥാർഥ കാരണം. മരണാനന്തരം അല്ലാഹുവിനെ കണ്ടുമുട്ടുമെന്നും അവൻ ജീവിതം വിചാരണ ചെയ്യുമെന്നും വിശ്വസിക്കാൻ അവരിഷ്ടപ്പെടുന്നില്ല. പരലോകവും ഉയിർത്തെഴുന്നേൽപും അവർക്ക് കേവലം ഊഹങ്ങളാണ്. مِرْيَةٍ എന്ന വാക്ക് شَكّ-ന്റെയും رَيْب-ന്റെയും (സംശയം) പര്യായമാണ്. സംശയത്തിന്റെ അടിസ്ഥാനരാഹിത്യത്തെക്കൂടി ധ്വനിപ്പിക്കുന്ന പദമാണ് مِرْيَة. ആധികാരികമായ തെളിവില്ലാതെ ഊഹിച്ചു പറയുന്നതിന് مِراء എന്നു പറയും. പരലോകം ഇല്ലെന്ന് സ്ഥാപിക്കാൻ പര്യാപ്തമായ തെളിവുകളൊന്നും അവരുടെ കൈവശമില്ല. ഉണ്ടെന്ന് സ്ഥാപിക്കുന്ന അനിഷേധ്യമായ ന്യായങ്ങളുണ്ടെങ്കിലും ആ ന്യായങ്ങൾ വകവയ്ക്കാതെ പരലോകം ഇല്ലെന്ന് ഊഹിക്കുകയാണവർ. ചില സത്യവിരോധികൾ പരലോകത്തെ ഖണ്ഡിതമായി നിഷേധിക്കാനും ധൃഷ്ടരാകുന്നു. എന്നാൽ എല്ലാവരും അറിഞ്ഞിരിക്കുക; ഇക്കൂട്ടർ കണ്ടുമുട്ടുന്നത് നിഷേധിക്കുന്ന, അവരുടെ വിധാതാവ് സകലമാന സംഗതികളും കൃത്യമായി അറിയുന്നുണ്ട്. مُّحِيط-ന്റെ ഭാഷാർഥം വലയം ചെയ്യുന്നവൻ എന്നാകുന്നു. أَحاط-യുടെ കർതൃപദമാണിത്. ഒരു കാര്യം അഗാധമായും സമ്പൂർണമായും അറിയുക എന്ന അർഥത്തിലുള്ള ആലങ്കാരിക പ്രയോഗമായി ഇതിന്റെ ക്രിയാ നാമമായ إحاطة-യെ സാധാരണ ഉപയോഗിച്ചുവരുന്നു. അറിയുക, ജാഗ്രത, ശ്രദ്ധിക്കുക തുടങ്ങിയ ആശയങ്ങളിൽ ഉപയോഗിക്കുന്ന ഉണർത്തു ശബ്ദമാണ് ألا. ഈ സൂക്തത്തിന്റെ രണ്ടു ഖണ്ഡങ്ങളിലും أَلَا എന്നുവന്നത് രണ്ടു ഖണ്ഡങ്ങളും പരാമർശിക്കുന്ന വിഷയത്തിന്റെ പ്രാധാന്യവും ഗൗരവവും സവിശേഷം ഉണർത്തുന്നതിനു വേണ്ടിയാണ്. ●

الحمد لِلّه الذى وفقني لإتمام تنوير سورة حم السجدة

VISION 2026®
Creating Partnership with the needy

**റീജ്യണൽ കോഓർഡിനേറ്റർ**

**കേരളത്തിൽ 'വിഷൻ 2026'-ന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് 'റീജ്യണൽ കോഓർഡിനേറ്റർ' തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.**

**യോഗ്യത: ഏതെങ്കിലും വിഷയത്തിൽ ബിരുദ-ബിരുദാനന്തര ബിരുദം. ഇംഗ്ലീഷ്, മലയാളം ഭാഷകൾ അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ്. ഉത്തരേന്ത്യൻ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന.**

**യോഗ്യതയും മുൻപരിചയവും പരിഗണിച്ച് അർഹമായ ശമ്പളം നൽകുന്നതാണ്.**

**2022 ആഗസ്റ്റ് 15-നകം അപേക്ഷിക്കുക**
**jobs@hwfindia.org**

HUMAN WELFARE FOUNDATION
**Human Welfare Foundation**
E-89, AFE, Jamia Nagar, Okhla, New Delhi